**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3370** **01-03-2023 - ൽ മറുപടിയ്ക്ക്**

**പാട്ടക്കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പാട്ടത്തിന് നൽകിയിരിക്കുന്നത് നിലവിൽ എത്ര ഭൂമിയാണെന്നും അതിലൂടെ എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ആകെ 3924 കേസുകളിലായി 2364.0678 ഹെക്ടർ സർക്കാർ ഭൂമി പാട്ടത്തിനു നല്കിയിട്ടുള്ളതും അതിൽ നിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ 4,58,16,219 രൂപയും 2022-2023 സാമ്പത്തിക വർഷം ജനുവരി 31 വരെ 4,34,55,548/- രൂപയും പാട്ടത്തുകയായി ലഭിച്ചിട്ടുള്ളതാണ്. |
| (ബി) | പാട്ടക്കരാർ പ്രകാരം സർക്കാരിലേക്ക് അടയ്ക്കേണ്ട തുക ഏറ്റവും ഒടുവിൽ പുതുക്കിയത് എന്നാണെന്ന് അറിയിക്കാമോ; | (ബി) | സർക്കാരിന്റെ 28.01.2016 തീയതിയിലെ ജി.ഒ.(പി) 64/2016/ആർ.ഡി., 06.02.2016 തീയതിയിലെ ജി.ഒ.(എം.എസ്.) 96/2016/ആർ.ഡി. എന്നീ ഉത്തരവുകൾ പ്രകാരമാണ് മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിലെയും പഞ്ചായത്ത് പ്രദേശങ്ങളിലെയും പാട്ട നിരക്ക് ഏറ്റവും ഒടുവിൽ പുതുക്കിയത്. |
| (സി) | പാട്ടക്കരാറുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ? | (സി) | സർക്കാർ മുൻപാകെ സമർപ്പിക്കപ്പെട്ട 29 അപ്പീലുകളും വിവിധ കോടതികൾ മുൻപാകെ 53 കേസുകളും അപ്പീൽ അധികാരി മുൻപാകെ 16 കേസുകളും അടക്കം ആകെ 98 കേസുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ